ഇവ കൂടാതെ 66 കിലോവാട്ട് ശേഷിയുള്ള 64 പീക്കോ ജലവൈദ്യുത പദ്ധതികളും കമ്മീഷൻ ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ താഴെപ്പറയുന്നവയാണ് :

| ക്രമനമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി |
|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 |
| | ആകെ | 1.146 MW |

## കാവാലം സബ്സ്റ്റേഷൻ നിർമ്മാണം

34 (401) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാവാലം സബ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

കാവാലം 66 കെ.വി. സബ്സ്റ്റേഷനുവേണ്ടി ആദ്യം കണ്ടെത്തിയ സ്ഥലം കരഭൂമി അല്ലാത്തതിനാൽ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമ പ്രകാരം ഈ ഭൂമി നികത്തുവാൻ അനുമതി ലഭിച്ചിട്ടില്ല തുടർന്ന് നീലംപേരൂർ എന്ന സ്ഥലത്ത് അനുയോജ്യമായ കരഭൂമി കണ്ടെത്തി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള മറ്റു സാങ്കേതിക കാര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് നിർമ്മാണത്തിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.

## രാജീവ് ഗാന്ധി ഗ്രാമീണ ത്വരിത വൈദ്യുതീകരണ പദ്ധതികൾ

35 (402) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീണ ത്വരിത വൈദ്യുതീകരണ പദ്ധതികളിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയ്ക്ക് അനുവദിച്ച തുക എത്രയെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly